بسم الله الرحمن الرحيم

A

| Reg NO: | |
|---|---|

| Sign Of Invigilator |
|---|
| |

# LEARN THE QUR-AN
## IV EXAMINATION FOR PART 27
## 2005 FEBRUARY

(റിയാദ് ഇന്ത്യൻ ഇസ്‌ലാഹീ സെൻറർ ഖുർആൻ പഠന പരീക്ഷാ പദ്ധതി)

സമയം: 2 മണിക്കൂർ

**പരീക്ഷാ ചോദ്യക്കടലാസ്**

മാർക്ക് :100

**ഉത്തരക്കടലാസ് അസാധുവാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

റജിസ്ററർ നമ്പർ മുകളിലെ കോളത്തിൽ വ്യക്തമായി എഴുതുക.
ഇൻവിജിലേററർ നിശ്ചിത സ്ഥാനത്ത് ഒപ്പ് വെച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
ശരിയായ ഉത്തരത്തിനു മുകളിൽ മാത്രം ✔ അടയാളപ്പെടുത്തുക
വെട്ട്, തിരുത്ത് ഒഴിവാക്കുക.
പരീക്ഷാ ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുക.

എല്ലാ ചോദ്യങ്ങൾക്കും ഓരോ മാർക്ക് വീതം

1. അല്ലാഹുവോടുള്ള നബി(സ)യുടെ പ്രാർത്ഥനയിൽ “നിൻെറ മീതെ ആരുമില്ല” എന്നു പറഞ്ഞതിൻെറ താൽപര്യം ?
   A, നീ അനുഗ്രഹദാതാവാകുന്നു
   B, നീ സ്വർഗ്ഗസ്ഥനാണ്
   C, നീ അതിജയിക്കുന്ന ഉന്നതനാകുന്നു
   D, നീ സർവ്വ വ്യാപിയാകുന്നു
2. ഞങ്ങളെ നോക്കണേ, ഞങ്ങൾ നിങ്ങളുടെ പ്രകാശത്തിൽ നിന്ന് അൽപം പകർത്തിയെടുക്കട്ടെ. ഇത് ആരുടെ ആരോടുള്ള രോദനമാണ് ?
   A, കപടവിശ്വാസികൾ വിശ്വാസികളോട്
   B, മുനാഫിഖുകൾ മലക്കുകളോട്
   C, പാപികൾ സ്വർഗ്ഗവാസികളോട്
   D, ബഹു ദൈവ വിശ്വാസികൾ ഏക ദൈവ വിശ്വാസികളോട്
3. മനുഷ്യൻെറ ധനത്തിൽ നിന്ന് അവൻ തിന്നതും ഉടുത്തതും കൊടുത്തതുമല്ലാത്തതൊന്നും അവൻേറതല്ല. ഈ ആശയം വ്യക്തമാക്കി പറഞ്ഞത് ?
   A, നബി(സ)
   B, അലി(റ)
   C, ഉസ്മാൻ(റ)
   D, വിശുദ്ധ ഖുർആൻ
4. നമ്മുടെ പാഠ ഭാഗത്ത് വന്ന പ്രാർത്ഥനയുടെ ശരിയായ രൂപം ഏത്
   A, أَشْهَدُ أَنْ لَا إِلَهَ إِلَّا أَنْتَ سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ
   അശ്ഹദു അല്ലാ ഇലാഹ ഇല്ലാ അൻത സുബ്ഹാനകല്ലാഹുമ്മ വബിഹംദിക അസ്തഗ്ഫിറുക വഅതൂബു ഇലൈക
   B, سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ أَشْهَدُ أَنْ لَا إِلَهَ إِلَّا أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ
   സുബ്ഹാനകല്ലാഹുമ്മ വബിഹംദിക അശ്ഹദു അല്ലാ ഇലാഹ ഇല്ലാഅൻത അസ്തഗ്ഫിറുക വഅതൂബു ഇലൈക
   C, سُبْحَانَكَ أَسْتَغْفِرُكَ اللَّهُمَّ وَبِحَمْدِكَ أَشْهَدُ أَنْ لَا إِلَهَ إِلَّا أَنْتَ وَأَتُوبُ إِلَيْكَ
   സുബ്ഹാനക അസ്തഗ്ഫിറുകല്ലാഹുമ്മ വബിഹംദിക അശ്ഹദു അല്ലാ ഇലാഹ ഇല്ലാ അൻത വഅതൂബു ഇലൈക
   D, أَشْهَدُ أَنْ لَا إِلَهَ إِلَّا أَنْتَ سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ
   അശ്ഹദു അല്ലാ ഇലാഹ ഇല്ലാ അൻത സുബ്ഹാനകല്ലാഹുമ്മ വബിഹംദിക അസ്തഗ്ഫിറുക വഅതൂബു ഇലൈക

5. നിങ്ങൾ എന്റെ സ്വഹാബികളെ പഴി പറയരുത്. റസൂൽ(സ) കാരണമായി പറയുന്നത് ?

A, അവർ എന്റെ കൂടെ ജീവിച്ച സഹചാരികളാണ്

B, അവർ ഇസ്‌ലാമിന്റെ നിലനിൽപ്പിന് യുദ്ധം ചെയ്തവരാണ്

C, അവർ ഇസ്‌ലാമിന് വേണ്ടി നാടും വീടും വിട്ടവരാണ്

D, അവർ ചിലവഴിച്ച സംഭാവനകളോളം തുല്യത മററാർക്കും നേടാനാകില്ല

6 സൂറ ദാരിയാത്തിന്റെ തുടക്കത്തിൽ പരാമർശിക്കപ്പെട്ട സത്യവചനങ്ങളിൽ ഉൾപ്പെടാത്തത് ?

A, കപ്പലുകൾ B, നിറഞ്ഞ മഹാ സമുദ്രം

C, മലകൾ D, കാററുകൾ

7. ഹാജിമാർക്ക് ഗോതമ്പ്തരി കാച്ചിക്കൊടുത്ത ആളുടെ പ്രതിരൂപമാണ്

A, ലാത്ത B, ഉസ്സ

C, മനാത്ത D, സുവാഅ്

8. ദാത്തിൽ ഹുബുകി (ذَاتِ الْحُبُكِ) (ദാരിയാത്ത് :7) എന്നതിന്റെ അർത്ഥത്തിൽ പെടാത്തത് ?

A, കട്ടിയുള്ള B, മാർഗ്ഗങ്ങളുള്ള

C, കെട്ടുറപ്പുള്ള D, ഭംഗിയുള്ള

9. ദാരിയാത്തിന്റെ തുടക്കത്തിലുള്ള സത്യവചനങ്ങളുടെ മുഴുവൻ താൽപര്യവും ‘കാററുകൾ’ ആണെന്ന് വിശദീകരിച്ച ഖുർആൻ വ്യാഖ്യാതാവാണ് ?

A, ഇബ്നു അബ്ബാസ് (റ)

B, ഖതാദ (റ)

C, ഇമാം റാസി(റ)

D, മുജാഹിദ് (റ)

10. ذُوقُوا فِتْنَتَكُمْ ദൂഖൂ ഫിത്നതകും (നിങ്ങളുടെ പരീക്ഷണം (ശിക്ഷ) നിങ്ങൾ ആസ്വദിക്കുവീൻ (ദാരിയാത്ത്) ഇത് പറയുന്നത് ആര് ? ആരോട് ?

A, അല്ലാഹു അവിശ്വാസികളോട്

B, മരണ സമയം മലക്കുകൾ അവിശ്വാസികളോട്

C, നരകത്തെ കാക്കുന്ന മലക്ക് നരകവാസികളോട്

D, സ്വർഗ്ഗവാസികൾ നരകക്കാരോട്

11. ദാരിയാത്തിൽ സ്വർഗ്ഗവാസികളായ സുകൃതവാന്മാരിൽ ഉണ്ടായിരുന്നതായി പറയുന്ന മഹൽ ഗുണങ്ങളിൽ പെട്ട കാര്യം ?

A, രാത്രി നമസ്കാരം B, ധർമ്മ സമരം

C, അടിമ മോചനം D, ഖുർആൻ പാരായണം

12. നീ അല്ലാഹുവിനെ കാണുന്ന പോലെ അവനെ ആരാധിക്കലാണ്

A, ഇസ്‌ലാം B, ഇഹ്സാൻ

C, ഈമാൻ D, ഇൻസാഫ്

13. സുകൃതം ചെയ്യുന്നവർ എന്ന് അർത്ഥം വരുന്ന പദം ഏത് ?

A, മുത്തഖീൻ (مُتَّقِينَ) B, മുഹ്സിനീൻ (مُحْسِنِينَ)

C, മുഅ്മിനീൻ (مُؤْمِنِينَ) D, മുസ്‌ലിമീൻ (مُسْلِمِينَ)

14. സൂറ ദാരിയാത്തിൽ قَوْمٌ مُجْرِمُونَ ഖൗമുൻ മുജ്‌രിമൂൻ (കുററവാളികളായ ജനത) എന്ന് പറയുന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ?

A, ഇബ്റാഹീം നബി(അ)യുടെ ജനത

B, മൂസാ നബി(അ)യുടെ ജനത

C, ഹൂദ് നബി(അ)യുടെ ജനത

D, ലൂത്ത് നബി(അ)യുടെ ജനത

15. ആദ് ജനതക്ക് അല്ലാഹു നൽകിയ ശിക്ഷ ?

A, ഘോര ശബ്ദം

B, അട്ടിയായ ചൂളക്കല്ലുകൾ

C, ശക്തമായ കാററ്

D, വെള്ളപ്പൊക്കം

16. മലക്കുകൾ സലാം പറഞ്ഞ് വീട്ടിൽ പ്രവേശിച്ചതായി നമ്മുടെ പാഠഭാഗത്ത് വന്നിട്ടുള്ളത് ?

A, ലൂത്ത് നബിയുടെ

B, ഇബ്റാഹീം നബിയുടെ

C, ഹൂദ് നബിയുടെ

D, സ്വാലിഹ് നബിയുടെ

17. جَاءَ بِعِجْلٍ سَمِينٍ (കൊഴുത്ത ഒരു പശുക്കുട്ടിയെ കൊണ്ടുവന്നു). ആരാണ് കൊണ്ടുവന്നത് ?

A, ഇസ്റായീല്യർ

B, ഇബ്റാഹീം(അ)

C, മലക്കുകൾ

D, മൂസാ (അ)

18. മലക്കുകൾ അല്ലാഹുവോട് ശുപാർശ ചെയ്യുക ആർക്ക് വേണ്ടി ?

A, മലക്കുകൾ ഇഷ്ടപ്പെടുന്നവർക്ക്

B, മലക്കുകളെ പൂജിക്കുന്നവർക്ക്

C, അല്ലാഹു ഇച്ഛിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക്

D, ആർക്കും ശുപാർശ ചെയ്യുന്നതല്ല

19. ഇബ്റാഹീം (അ) യുടെ അടുക്കൽ മലക്കുകൾ വന്നതിൻെറ ലക്ഷ്യം ?

A, ലൂത്ത് നബി (അ)യുടെ ജനതയെ ശിക്ഷിക്കുക

B, അദ്ദേഹത്തിന് ജനിക്കുന്ന കുഞ്ഞിനെക്കുറിച്ച് സന്തോഷമറിയിക്കുക

C, കുഞ്ഞ് ജനിക്കുന്ന സന്തോഷമറിയിക്കലും, കുററവാളികളെ നശിപ്പിക്കലും

D, ഇതൊന്നുമായിരുന്നില്ല

20. ലൂത്ത് നബിയുടെ ജനതയെ ശിക്ഷിക്കാൻ ഉപയോഗിച്ചത് ?

A, حِجَارَةً مِنْ سِجِّيلٍ ഹിജാറതുൻ മിൻ സിജ്ജീൽ

B, حِجَارَةً مِنْ طِينٍ ഹിജാറതുൻ മിൻ ത്വീൻ

C, رِيحَ الْعَقِيمِ രീഹുൽ അഖീം

D, صَاعِقَة സ്വാഇഖ:

21. ഇബാദത്ത് എന്ന പദത്തിന് സാങ്കേതികമായി നൽകപ്പെടുന്ന ശരിയായ അർത്ഥം ?

A, അനുസരണം

B, ആരാധന

C, അടിമ വൃത്തി

D, വണക്കം

22. സൂറ ദാരിയാത്തിൽ നൂഹ് നബി(അ)യുടെ ജനതയെ വിശേഷിപ്പിച്ചത് ?

A, قَوْمٌ طَاغُونَ അക്രമികളായ ജനത

B, قَوْمٌ مُجْرِمُونَ കുററവാളികളായ ജനത

C, قَوْمٌ مُنْكَرُونَ അപരിചിതരായ ജനത

D, قَوْمٌ فَاسِقُونَ ദുർ നടപ്പുകാരായ ജനത

23. മനുഷ്യ സൃഷ്ടിപ്പിൻെറ ലക്ഷ്യം ?

A, അല്ലാഹുവിനെ ആരാധിക്കാൻ മാത്രം

B, അല്ലാഹുവിനെ മാത്രം ആരാധിക്കാൻ

C, അല്ലാഹുവിനെ മാത്രം അനുസരിക്കാൻ

D, അല്ലാഹുവിന് മാത്രം അടിമവൃത്തി ചെയ്യാൻ

24. മക്കിയായ സൂറത്തുകളിലും മദനിയായ സൂറത്തുകളിലും ഉൾപ്പെട്ടിട്ടില്ലാത്തതെന്ന് അഭിപ്രായമുള്ള നമ്മുടെ പാഠ്യ പദ്ധതിയിൽ ഉൾപ്പെട്ട അദ്ധ്യായം ?

A, റഹ്മാൻ

B, ഖമർ

C, ദാരിയാത്ത്

D, ത്വൂർ

25. ശരിയായ ക്രമമേത് ? "നിങ്ങൾ അറിഞ്ഞിരിക്കണം, ഐഹിക ജീവിതമെന്നാൽ "

A, കളിയും വിനോദവും അലങ്കാരവും ദുരഭിമാനം നടിക്കലും പെരുപ്പം നടിക്കലുമാണ്

B, വിനോദവും കളിയും അലങ്കാരവും ദുരഭിമാനം നടിക്കലും പെരുപ്പം നടിക്കലുമാണ്

C, അലങ്കാരവും കളിയും വിനോദവും ദുരഭിമാനം നടിക്കലും പെരുപ്പം നടിക്കലുമാണ്

D, കളിയും വിനോദവും അലങ്കാരവും പെരുപ്പം നടിക്കലും ദുരഭിമാനം നടിക്കലുമാണ്

26. ദൃഷ്ടാന്തങ്ങൾ കണ്ടാൽ അവർ തിരിഞ്ഞുകളയും "നടമാടിക്കൊണ്ടിരിക്കുന്ന ഒരു ജാല വിദ്യയാണിത്" എന്ന് ഇവിടെ പറയപ്പെട്ട ദൃഷ്ടാന്തമേത് ?

A, സൂര്യനെ ഉദിപ്പിച്ചത്

B, പർവ്വതങ്ങളെ നാട്ടിയത്

C, ചന്ദ്രനെ പിളർത്തിയത്

D, ആകാശത്തെ ഉയർത്തിയത്

27. "ഞാനും അന്ത്യസമയവും ഈ രണ്ട് വിരലുകൾ കണക്കെ ആയിക്കൊണ്ടാണ് . ." (അ, മു) ഈ പ്രവാചക വചനം സൂചിപ്പിക്കുന്നത് ?

A, രണ്ടും തമ്മിലെ ബന്ധമാണ് B, രണ്ടും തമ്മിലെ അടുപ്പമാണ്

C, രണ്ടും തമ്മിലെ അകൽച്ചയാണ് D, രണ്ടിലേയും സാദൃശ്യമാണ്

28. അബൂ കബ്ശയുടെ മകൻ എന്ന് പരിഹസിക്കപ്പെട്ടത് ?

A, അബൂ ബക്കർ (റ)

B, ഉമർ (റ)

C, ഉസ്മാൻ(റ)

D, മുഹമ്മദ് നബി(സ)

29. ചന്ദ്രൻ പിളർന്ന സംഭവം എന്നായിരുന്നു ?

A, ഹിജ്റ അഞ്ചാം വർഷം

B, ഹിജ്റക്ക് അഞ്ച് വർഷം മുമ്പ്

C, ഹിജ്റക്ക് 40 വർഷം മുമ്പ്

D, ഹിജ്റ പതിനൊന്നാം വർഷം

30. ആയത്ത് എന്ന പദത്തിന്റെ അർത്ഥത്തിൽ ഉൾപ്പെടാത്തത് ഏത് ?

A, ദൃഷ്ടാന്തം B, തെളിവ്

C, അടയാളം D, അദ്ധ്യായം

31. "ഞാൻ പരാജിതനാണ്, ആയതിനാൽ നീ രക്ഷാനടപടി എടുക്കേണമേ" (സൂറ 54:10) ഇത് പ്രാർത്ഥിച്ചത് ആരാണ് ?

A, മൂസാ നബി

B, യൂനുസ് നബി

C, യഅ്ഖൂബ് നബി

D, നൂഹ് നബി

32. . . . . . . . . . . . ഉള്ള ഒന്നിന്മേൽ നാം അദ്ദേഹത്തെ വഹിക്കുകയും ചെയ്തു. (ഖമർ) നൂഹ് നബിയുടെ കപ്പലിന്റെ വിശേഷണമായി പറഞ്ഞത് ?

A, പായ കെട്ടിയതായി

B, പലകകളും ആണിയും

C, വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതായി

D, നൂഹ് തന്നെ പണി തീർത്തിട്ടുള്ളതായി

33. "ഖുർആൻ നാം ഓർമ്മിക്കുവാൻ എളുപ്പമാക്കിയിരിക്കുന്നു." (സൂറ ഖമർ) ഈ വചനം എത്ര തവണ ആവർത്തിച്ചിരിക്കുന്നു ?

A, 3 B, 4

C, 5 D, 6

34. ഥമൂദ് ഗോത്രത്തിനുള്ള പരീക്ഷണമെന്തായിരുന്നു ?

A, ഒട്ടകം B, മാരക രോഗം

C, ഘോര ശബ്ദം D, ചരൽ വർഷം

35. സത്യത്തിന്റെ ആസ്ഥാനത്തിൽ രാജാധിപതിയുടെ അടുക്കൽ സ്വർഗ്ഗീയ സ്ഥാനം ലഭിക്കുന്നവരാരാണ് ? (54: 54,55)

A, സൂക്ഷ്മതയുള്ളവർ

B, മുസ്ലിംകളായവർ

C, സത്യ വിശ്വാസികൾ

D, ക്ഷമാശീലർ

36. "വഴിയെ (ആ) സംഘം പരാജയപ്പെടുത്തപ്പെടും, അവർ പിന്നോട്ട് തിരിഞ്ഞോടും " (54: 45) ഇബ്നു അബ്ബാസ്(റ)വിൻെറ നിവേദന പ്രകാരം ഈ പരാമർശം ?

A, ലൂത്ത് നബിയുടെ ജനത

B, ബദറിലെ അവിശ്വാസികൾ

C, അഹ്സാബിലെ ശത്രു സംഘം

D, എക്കാലത്തെയും അവിശ്വാസി സംഘം

37. നമ്മുടെ . . . . . . ഒരേ ഒരു പ്രാവശ്യമല്ലാതെ ഇല്ല; കണ്ണുകൊണ്ട് ഇമവെട്ടുന്ന പോലെ

A, കൽപ്പന B, നോട്ടം C, പ്രവൃത്തി D, ദൃഷ്ടി

38. നബി(സ)യും സ്വഹാബികളും സൂറ: നജ്മ് ഓതി സുജൂദ് ചെയ്തപ്പോൾ; ഒരു പിടി മണ്ണ് എടുത്ത് അതിന്മേൽ സുജൂദ് ചെയ്ത വ്യക്തി ?

A, മുഗീറത്തുബ്നു ശുഅ്ബ B, ഉമയ്യത്തു ബ്നു ഖലഫ്

C, അബൂ ജഹൽ D, മുസൈലിമ

39. മുഹമ്മദ് നബി(സ) ജിബ്രീൽ(അ) നെ സാക്ഷാൽ രൂപത്തിൽ എത്ര തവണ കണ്ടിട്ടുണ്ട് ?

A, 3 B, 2 C, 1 D, 4

40. "സിദ്റത്തുൽ മുൻതഹ" സ്ഥിതിചെയ്യുന്നത് ?

A, ആകാശത്തിൽ

B, ബൈത്തുൽ മഖ്ദസിൽ

C, ആവാസ കേന്ദ്രമായ സ്വർഗ്ഗത്തിനടുത്ത്

D, മക്കയിൽ

41. "വിജയത്തിന് മുമ്പ് ചെലവഴിക്കുകയും ത്യാഗം ചെയ്യുകയും ചെയ്തവർ സമമായിരിക്കുകയില്ല; മററുള്ളവരേക്കാൾ വമ്പിച്ച പദവിയുള്ളവരാണവർ" (ഹദീദ്) എന്നതിന് തൊട്ടു പിറകെ അല്ലാഹു പറയുന്നത് ?

A, എല്ലാവരോടും അല്ലാഹു നല്ല പ്രതിഫലം വാഗ്ദാനം ചെയ്യുന്നു

B, മുമ്പ് ചെലവഴിച്ചവർക്കാണ് യഥാർത്ഥ പ്രതിഫലം

C, പിന്നീട് ചെലവഴിച്ചവർക്ക് അപ്പം കുറവ് ലഭിക്കും

D, ഓരോരുത്തരുടേയും കണക്കനുസരിച്ച് നൽകും

42. ശരിയേത് ? (ദാരിയാത്ത് : 36)

A, മുസ്ലിംകളിൽ നിന്നുള്ള ഒരു വീടല്ലാതെ അവിടത്തിൽ നാം കണ്ടെത്തിയില്ല.

B, മുഅ്മിനുകളിൽ നിന്നുള്ള ഒരു വീടല്ലാതെ അവിടത്തിൽ നാം കണ്ടെത്തിയില്ല.

C, മുത്തഖികളിൽ നിന്നുള്ള ഒരു വീടല്ലാതെ അവിടത്തിൽ നാം കണ്ടെത്തിയില്ല.

D, അവിശ്വാസികളിൽ നിന്നുള്ള ഒരു വീടല്ലാതെ അവിടത്തിൽ നാം കണ്ടെത്തിയില്ല.

43. 'അല്ലമമ്' (اللَّمَمْ) എന്ന പദത്തിൻെറ അർത്ഥം ?

A, എണ്ണമററ B, അതി ഭയങ്കരമായ

C, നിസ്സാരമായ D, വൻ പാപങ്ങൾ

44. . . . . . . . . . . . . . . . . . . .ൻെറ മുഖത്ത് നോക്കി പുകഴ്ത്തിയവൻെറ മുഖത്ത്, മിഖ്ദാദ് ബ്നു അസ്വദ് മണ്ണ് വാരിയിടുകയും ഇങ്ങനെ ചെയ്യണമെന്ന് നബി(സ) കൽപിച്ചതായി പറയുകയും ചെയ്തു.

A, അബൂബക്കർ സിദ്ദീഖ് (റ)

B, ഉമറു ബ്നുൽ ഖത്താബ് (റ)

C, ഉസ്മാനു ബ്നു അഫ്ഫാൻ (റ)

D, അലിയ്യു ബ്നു അബീത്വാലിബ് (റ)

45. ഖുർആൻ ഓതി അതിൻെറ കൂലി മരിച്ചവർക്ക് ദാനം ചെയ്താൽ അതവർക്ക് കിട്ടുകയില്ലെന്ന് ഇമാം ശാഫി(റ) പറഞ്ഞത് ഇതിൻെറ അടിസ്ഥാനത്തിലാണ്

A, أَنْ لَا تَزِرُ وَازِرَةٌ وِزْرَ أُخْرَى അല്ലാ തസിറു വാസിറതുൻ വിസ്റ ഉഖ്റാ

B, وَأَنْ لَيْسَ لِلْإِنْسَانِ إِلَّا مَا سَعَى വ അൻ ലൈസ ലിൽ ഇൻസാനി ഇല്ലാ മാ സആ

C, وَأَنَّ سَعْيَهُ سَوْفَ يُرَى വഅന്ന സഅ്യഹു സൗഫ യുറാ

D, وَاللهُ يُضَاعِفُ لِمَنْ يَشَاءُ വല്ലാഹു യുളാഇഫു ലിമൻ യശാഉ

46. നബി(സ) പറഞ്ഞു: . . . . . .നരകത്തിൽ കടക്കുകയില്ല. (സൂറ നജ്മിൽ വന്ന ഹദീസ്)

A, അല്ലാഹുവിന് ദിക്റ് ചൊല്ലുന്നവൻ

B, അല്ലാഹു ചെയ്തുതന്ന അനുഗ്രഹങ്ങളെ ഓർക്കുന്നവൻ

C, അല്ലാഹുവിനെ ഭയപ്പെട്ട് കരയുന്നവൻ

D, അല്ലാഹുവിനെ സ്മരിക്കുന്നവൻ

47. مُؤْتَفِكَة മുഅ്തഫികതു'അടിമേൽ മറിഞ്ഞുകിടന്ന രാജ്യം' ഏതാണ് ?

A, സ്വാലിഹു നബിയുടെ രാജ്യം

B, ലൂത്ത് നബിയുടെ രാജ്യം

C, യൂനുസ് നബിയുടെ രാജ്യം

D, നൂഹ് നബിയുടെ രാജ്യം

48. ജിബ്രീൽ (അ)നെ പല പേരുകളിൽ ഖുർആൻ വിശേഷിപ്പിച്ചിട്ടുണ്ട്. സൂറത്ത് നജ്മിൽ വിശേഷിപ്പിച്ചിട്ടുള്ളത് ഏത് പേരിലാണ് ?

A, الرُّوحُ الأَمِينُ റൂഹുൽ അമീൻ

B, رُوحُ الْقُدُسِ റൂഹുൽ ഖുദുസ്

C, شَدِيدُ الْقُوَى ശദീദുൽ ഖുവാ

D, رَسُولٌ كَرِيمٌ റസൂലുൻ കരീം

49. മുഹമ്മദ് നബി(സ) ജിബ്രീൽ (അ)നെ ഉപരി മണ്ഡലത്തിൽ കണ്ടത് . . . . ചിറകുകളോട് കൂടിയായിരുന്നു.

A, 60

B, 600

C, 6000

D, 6666

50 رَبُّ الشِّعْرَى (റബ്ബുശ്ശിഅ്റാ) ?

A, കാർത്തിക നക്ഷത്രത്തിൻെറ നാഥൻ

B, ചോദി നക്ഷത്രത്തിൻെറ നാഥൻ

C, ശനി നക്ഷത്രത്തിൻെറ നാഥൻ

D, ബുധൻ നക്ഷത്രത്തിൻെറ നാഥൻ

51. طور (ത്വൂർ) എന്ന പദത്തിൻെറ ശരിയായ അർത്ഥം

A, ലിഖിതം

B, പർവ്വതം

C, സീനാ താഴ്വര

D, ജറുസലം ദേവാലയം

52. "ചിപ്പിയിൽ സൂക്ഷിക്കപ്പെട്ട മുത്ത്" (സൂറ ത്വൂർ) ഈ ഉപമ ആരെ സംബന്ധിച്ച് ?

A, സ്വർഗ്ഗത്തിലെ ഹൂറികൾ

B, സ്വർഗ്ഗത്തിലെ ബാലന്മാർ

C, പ്രവാചകന്മാർ

D, ശുഹദാക്കൾ

53. الْبَيْتُ الْمَعْمُور'ആൾപെരുമാററമുള്ള മന്ദിരം' എന്ന പദം സൂചിപ്പിക്കുന്നത് ?

A, മസ്ജിദുൽ അഖ്സ

B, മസ്ജിദുന്നബവി

C, കഅബ

D, മസ്ജിദുൽ ഖൈഫ്

54. നബി(സ)യുടെ ശത്രുക്കൾ അദ്ദേഹത്തെ വിമർശിക്കാൻ ഉപയോഗിച്ച പദങ്ങളിൽ പെടാത്ത ത് ?

A, കവി

B, ജോൽസ്യൻ

C, വഞ്ചകൻ

D, ഭ്രാന്തൻ

55. 'നാം മുമ്പെ അവനെ വിളിച്ചു പ്രാർത്ഥിക്കുമായിരുന്നു.' (സൂറ ത്വൂർ) ഇത് ആര് ആരോട് പറയുന്നതാണ് ?

A, സ്വർഗ്ഗക്കാർ നരകവാസികളോട്

B, സ്വർഗ്ഗക്കാർ തമ്മിൽ തമ്മിൽ

C, നരകക്കാർ സ്വർഗ്ഗക്കാരോട്

D, നരകക്കാർ തമ്മിൽ തമ്മിൽ

56. ത്വൂർ സൂറ നബി(സ) മഗ്‌രിബ് നമസ്കാരത്തിൽ പാരായണം ചെയ്യുന്നത് കേട്ട് മന:പരിവർത്തനം വന്ന് മുസ്‌ലിമായ വ്യക്തി ?

A, ഉമർ (റ)

B, ജുബൈറു ബ്നു മുത്ഇം

C, മുആദു ബ്നു ജബൽ

D, സൽമാനുൽ ഫാരിസി

57. പിശാചുക്കൾക്ക് ആകാശ ലോകത്ത് പ്രവേശനം നിരോധിക്കപ്പെട്ടത് ?

A, ഇബ്റാഹീം നബി ജാതനായപ്പോൾ

B, ഈസാ നബിയുടെ ജനനം തൊട്ട്

C, മുഹമ്മദ് നബിയുടെ പ്രവാചകത്വം മുതൽ

D, തൗറാത്തിൻെറ അവതരണത്തോടെ

58. നബി(സ)യെ കൊല്ലാൻ ഗൂഢാലോചന നടത്തിയ വമ്പന്മാർ രണ്ട് വർഷത്തിനിടയിൽ മരണമടഞ്ഞു.

A, ഉഹ്ദിൽ കൊല്ലപ്പെട്ടു

B, ബദ്റിൽ കൊല്ലപ്പെട്ടു

C, കൊടുങ്കാററും ഭൂകമ്പവും മൂലം നശിപ്പിക്കപ്പെട്ടു

D, ഖൈബറിൽ കൊല്ലപ്പെട്ടു

59. സൂറ റഹ്മാനിൽ 'فَبِأَيِّ آلَاءِ رَبِّكُمَا تُكَذِّبَانِ' (ഫബി അയ്യിആലാഇ റബ്ബികുമാ തുകദ്ദിബാൻ) എത്ര തവണ പറയപ്പെട്ടിട്ടുണ്ട് ?

A, 31 B, 21 C, 41 D, 51

60. نجم (നജ്മ്) എന്ന പദത്തിൻെറ അർത്ഥത്തിൽ പെടാത്തത് ?

A, നക്ഷത്രം B, വെള്ളി C, ചെടി D, വള്ളി

61. ഖിയാമത്തിനെക്കുറിച്ച് ആസന്ന സംഭവം എന്ന അർത്ഥത്തിൽ ഖുർആനിൽ വന്ന അറബി പദം ഏത് ?

A, അസിഫത്ത് ( أزفة )

B, അൽഖാരിഅ ( القارعة )

C, അൽവാഖിഅ ( الواقعة )

D, അസ്സാഅ ( الساعة )

62. സൂറ വാഖിഅയിൽ വലതു പക്ഷക്കാരുമായി ബന്ധമില്ലാത്തത് ?

A, സ്ഥിരവാസം നൽകപ്പെട്ട ബാലന്മാർ

B, ദീർഘവിശാലമായ തണൽ

C, ഒരിക്കലും വററിപ്പോകാത്ത ജലം

D, മുള്ള് ഉരിയപ്പെട്ട ഇലന്തമരം

63. സുഖാനുഗ്രഹത്തിൻെറ സ്വർഗ്ഗങ്ങളിൽ പ്രവേശിക്കുന്ന അല്ലാഹുവിൻെറ സാമീപ്യം സിദ്ധിച്ച വിഭാഗം ഏത് ?

A, അൽ മൈമന ( الميمنة )

B, അൽ മശ്അമ ( المشئمة )

C, അസ്സാബിഖൂൻ ( السابقون )

D, അൽ അവ്വലൂൻ ( الأولون )

64. കാററിനെ ശപിക്കരുത്; അത് . . . . . . . . . . . ക്ക് വിധേയമാണ് (ഹദീസ്)

A, ദിവ്യശക്തി B, അദൃശ്യശക്തി

C, ആജ്ഞ D, അനുഗ്രഹം

65. കിതാബുൻ മക്നൂൻ എന്തിനെ കുറിക്കുന്നു ?

A, ഹദീസ് ഗ്രന്ഥങ്ങൾ

B, ഖുർആൻ

C, ലൗഹുൽ മഹ്ഫൂള്

D, തൗറാത്ത്

66. മുഖർറബീൻ (സമീപസ്ഥർ) ആരാണ് ?

A, വലതു പക്ഷക്കാർ

B, ഇടതു പക്ഷക്കാർ

C, മുൻകടന്നവർ

D, മലക്കുകൾ

67. നിങ്ങൾ ഇത് നിങ്ങളുടെ സുജൂദിൽ ആക്കിക്കൊള്ളുക എന്ന് നബി(സ) ഏത് സൂറത്തിലെ വചനത്തെ സംബന്ധിച്ചാണ് പറഞ്ഞത്?

A, ഖമർ B, ഹദീദ് C, വാഖിഅ D, അഅ്ലാ

68. സൂറത്തു വാഖിഅയിലെ رَوْحٌ (റൗഹുൻ) എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

A, സമാധാനം B, സുഖം

C, സ്വർഗം D, രക്ഷ

69. 'പരിശുദ്ധമാക്കപ്പെട്ടവരല്ലാതെ അതിനെ തൊടുകയില്ല' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ?

A, വുദുവില്ലാതെ ഖുർആൻ സ്പർശിക്കാൻ പാടില്ല

B, മലക്കുകളല്ലാതെ ലൗഹുൽ മഹ്ഫൂളിനെ സ്പർശിക്കുകയില്ല

C, മലക്കുകളല്ലാതെ ഖുർആൻ സ്പർശിക്കുകയില്ല

D, അമുസ്ലിംകൾ ഖുർആൻ തൊടാൻ പാടില്ല

70. 'നിങ്ങൾ ആ സമയത്ത് നോക്കിക്കൊണ്ടിരിക്കും' (വാഖിഅ) എപ്പോൾ ?

A, പരലോകത്തിൽ

B, മരണം തൊണ്ടക്കുഴിയിലെത്തുമ്പോൾ

C, നരകത്തിൽ പ്രവേശിക്കുമ്പോൾ

D, ഖബറിൽ വെക്കപ്പെടുമ്പോൾ

71. സ്വർഗ്ഗത്തിലെ കട്ടിലുകൾ എന്തിനാൽ മെടയപ്പെട്ടതാണ് ?

A, മുത്തും പവിഴവും

B, വെള്ളിയും മുത്തും

C, സ്വർണ്ണവും വെള്ളിയും

D, സ്വർണ്ണവും മുത്തും

72. 'സ്വർഗ്ഗത്തിലെ ഉറവുനീര്' ഈ പ്രയോഗം യോജിക്കുന്നത് ?

A, പാൽ B, കൗസർ C, തേൻ D, കള്ള്

73. തലമുറകളിൽ വെച്ച് കൂടുതൽ ഉത്തമമായത് എന്റെ തലമുറയാകുന്നു. ഈ ഹദീസ് റിപ്പോർട്ട് ചെയ്തത് ആരാണ് ?

A, ബുഖാരി

B, മുസ്ലിം

C, ബുഖാരിയും മുസ്ലിമും

D, അബൂദാവൂദും നസാഈയും

74. والسَّابِقُونَ السَّابِقُونَ (വസ്സാബിഖൂന സ്സാബിഖൂന)എന്നത് വാഖിഅയിലെ വചനമാണ്. والسَّابِقُونَ (വസ്സാബിഖൂന) എന്ന് തുടങ്ങുന്ന ഖുർആനിലെ മറ്റൊരു വചനം ഏത് സൂറത്തിലാണ് ?

A, മാഇദ B, തൗബ

C, മുജാദല D, മുഅ്മിനൂൻ

75. സ്വർഗ്ഗത്തിൽ നബി(സ)യുടെ സമുദായം എത്ര വരുമെന്നാണ് നബി(സ) പ്രതീക്ഷ പ്രകടിപ്പിച്ചത് ?

A, പകുതി

B, എഴുപതിനായിരം

C, മൂന്നിൽ രണ്ട്

D, നാലിലൊന്ന്

76. എവിടെനിന്ന് വയർ നിറക്കുമ്പോഴാണ് അസഹനീയമായ ദാഹം പിടിപെടുക ?

A, ഹമീം B, ബുത്വൂൻ

C, അൽഹീം D, സഖൂം

77. സ്വർഗ്ഗത്തിൽ ഒരു വൃക്ഷമുണ്ട് വാഹനക്കാരനായ ഒരാൾ അതിന്റെ തണലിൽ എത്ര കൊല്ലം സഞ്ചരിച്ചാലാണ് അത് മുറിച്ചുകടക്കാൻ സാധിക്കില്ലെന്ന് നബി(സ) പറഞ്ഞത് ?

A, 70000 B, 700 C, 70 D, 100

78. ത്വൽഹ് എന്ന പദത്തിന് വാഴ എന്ന അർത്ഥത്തിന് പുറമെ മറ്റൊരു അർത്ഥംകൂടി ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുണ്ട്. ഏതാണത്?

A, മുൾ വൃക്ഷം
B, ഈത്തപ്പന
C, അത്തിമരം
D, സ്വർണ്ണമരം

79. അറബി നിഘണ്ടു പ്രകാരം ഖദ്റ് എന്ന പദത്തിന്റെ അർത്ഥത്തിൽ പെടാത്തത് ?

A, വിധി
B, തുക
C, ഒഴിവ്
D, കഴിവ്

80. മനുഷ്യൻ നീതി മുറയനുസരിച്ച് നിലകൊള്ളാൻ അവരോടൊപ്പം വേദഗ്രന്ഥവും തുലാസും ഇറക്കി. തുലാസുകൊണ്ട് ഉദ്ദേശിക്കുന്നത് ?

A, വേദഗ്രന്ഥങ്ങൾ വിവരിക്കുന്ന നബിമാർ
B, സത്യസന്ധമായി സന്ദേശമെത്തിക്കുന്ന മലക്കുകൾ
C, ന്യായമായ വ്യവസ്ഥാ മാനദണ്ഡം
D, സാധനങ്ങൾ തൂക്കുന്ന തുലാസ്സ്

81. ഞങ്ങളും നിങ്ങളുടെ കൂടെ ഒന്നിച്ചായിരുന്നില്ലേ. . . ?പക്ഷെ നിങ്ങൾ നിങ്ങളെ തന്നെ കുഴപ്പത്തിലാക്കി (ഹദീദ് 14) കപടവിശ്വാസികളെ വഞ്ചിച്ചത് ആരാണ് ?

A, ഉബയ്യു ബ്നു സുലൂൽ
B, നേതാക്കളും വലിയവരും
C, ഖുറൈശി പ്രമുഖർ
D, പിശാച്

82. ''കർഷകരെ ആശ്ചര്യപ്പെടുത്തുന്ന മഴ പോലെയാണ്'' (ഹദീദ്) ?

A, ഭൂമിയിലെ ജീവിതം
B, അവിശ്വാസിയുടെ പ്രവൃത്തികൾ
C, സ്വർഗ്ഗീയ സുഖങ്ങൾ
D, ദൈവ മാർഗ്ഗത്തിലെ ദാനം

83. ജീവിതത്തിൽ നിങ്ങൾക്ക് (കിട്ടാതെ പാഴായി) പോയതിൽ ഖേദിക്കാതിരിക്കാനും, കിട്ടിയതിന്റെ പേരിൽ (മതിമറന്ന്) ആഹ്ളാദിക്കാതിരിക്കാനും വേണ്ടിയാണ് അല്ലാഹു . . . . . .

A, സ്ഷ്ടിക്കും മുമ്പെ രേഖയിലാക്കിയത്
B, വിധിയാണെന്ന് പഠിപ്പിച്ചത്
C, പാഴാക്കരുതെന്ന് കൽപ്പിക്കുന്നത്
D, കിട്ടിയതൊന്നും നിങ്ങൾക്ക് ശാശ്വതമല്ലെന്ന് പറയുന്നത്

84. ആയിരം ആയത്തുകളേക്കാൾ ശ്രേഷ്ഠകരമായ ഒരായത്ത് അടങ്ങിയിട്ടുണ്ടെന്ന് പ്രവാചകൻ (സ) പറഞ്ഞ മുസബ്ബിഹാതുകളിൽ പെട്ട അദ്ധ്യായമേത് ?

A, നജ്മ്
B, ഖമർ
C, റഹ്മാൻ
D, ഹദീദ്

85. ''വലിയ പ്രതിഫലത്തിന് അർഹരായവർ'' എന്ന് (ഹദീദ്) വിശേഷിപ്പിച്ചത് ?

A, വിശ്വസിച്ച് ചെലവഴിച്ചവർ
B, അല്ലാഹുവിന് കടം നൽകിയവർ
C, സ്വർഗ്ഗത്തിലെ നിത്യവാസികൾ
D, ദൈവമാർഗ്ഗത്തിൽ ജിഹാദ് ചെയ്തവർ

86. കപടവിശ്വാസികൾ വിശ്വാസികളോട് പ്രകാശത്തിനായി ഇരക്കുന്ന സമയത്ത് ഒരു വാതിലുള്ള (മറ) മതിൽ പ്രത്യക്ഷപ്പെടും " (ഹദീദ്) ?

A, മതിലിനകത്ത് സ്വർഗ്ഗവും പുറത്ത് നരകവും
B, മതിലിനകത്ത് നരകവും പുറത്ത് സ്വർഗ്ഗവും
C, മതിലിനകത്തും പുറത്തും നരകം
D, മതിലിനകത്തും പുറത്തും സ്വർഗ്ഗം

87 മുതൽ 90 വരെ ശരിയായ അർത്ഥത്തിനു നേരെ ആയത്ത് നമ്പർ ചേർക്കുക

87 فَإِنَّ الذِّكْرَى تَنْفَعُ الْمُؤْمِنِينَ ഫഇന്നദ്ദിക്റാ തൻഫഉൽ മുഅ്മിനീൻ

88 وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونَ (വമാ ഖലഖ്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ)

89 مَا أُرِيدُ مِنْهُمْ مِنْ رِزْقٍ وَمَا أُرِيدُ أَنْ يُطْعِمُونَ (മാ ഉരീദു മിൻഹും മിൻ രിസ്ഖിൻ വമാ ഉരീദു അൻ യുത്ഇമൂൻ)

90 إِنَّ اللَّهَ هُوَ الرَّزَّاقُ ذُو الْقُوَّةِ الْمَتِينُ (ഇന്നല്ലാഹ ഹുവർറസ്സാഖു ദുൽ ഖുവ്വതിൽ മതീൻ)

☐ "അവരിൽ നിന്ന് യാതൊരു ഉപജീവനവും ഞാൻ ഉദ്ദേശിക്കുന്നില്ല"

☐ "നിശ്ചയമായും ഓർമ്മിപ്പിക്കൽ (ഉപദേശം) സത്യവിശ്വാസികൾക്ക് ഫലം ചെയ്യും"

☐ "ജിന്നിനേയും മനുഷ്യനേയും അവർ എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല"

☐ "നിശ്ചയം അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവൻ, ശക്തിയുള്ളവൻ ബലവത്തായുള്ളവൻ"

91 മുതൽ 100 വരെ

"കാലപ്പഴക്കംകൊണ്ട് ഹൃദയം കടുത്തുപോയ വേദക്കാരെപ്പോലെ നിങ്ങളാകരുത്" വേദക്കാർ തെററുകൾ താഴെ പറയുന്നു. ഇതിൽ മുസ്‌ലിം സമുദായത്തിൽ പെട്ടവർ ആവർത്തിക്കുന്നതിന് നേരെ ✔ അടയാളപ്പെടുത്തുക. അല്ലാത്തവക്ക് നേരെ × അടയാളപ്പെടുത്തുക

| | | |
|---|---|---|
| 91 | വേദഗ്രന്ഥത്തിൽ മാററം വരുത്തി | |
| 92 | സ്വാർത്ഥ താൽപര്യങ്ങൾക്കായി നിയമങ്ങൾ ഭേദഗതി ചെയ്തു | |
| 93 | പൊതു താൽപര്യത്തിന് മതനിയമങ്ങൾ ദുർവ്യാഖ്യാനം ചെയ്തു | |
| 94 | കള്ളക്കഥകളും പുത്തൻ സിദ്ധാന്തങ്ങളും കെട്ടിയുണ്ടാക്കി | |
| 95 | പൺഡിത പുരോഹിത വാക്കുകൾ ദൈവവചനങ്ങളെ പോലെ സ്വീകരിച്ചു | |
| 96 | ഇഛക്കനുസരിച്ച് ഗ്രന്ഥങ്ങൾ എഴുതി ദൈവ നിയമങ്ങളാണെന്ന് പറഞ്ഞു | |
| 97 | പുതുതായി നിരവധി അനാചാരങ്ങൾ ഉണ്ടാക്കി | |
| 98 | മരിച്ചുപോയ മഹാന്മാരെ മധ്യസ്ഥന്മാരായി പ്രാർത്ഥിച്ചു | |
| 99 | ജന്മ ചരമ ദിനാഘോഷങ്ങൾ കൊണ്ടാടി | |
| 100 | പ്രവാചകന്മാരുടെ ചിത്രങ്ങളും രൂപങ്ങളും വെച്ച് പൂജിച്ചു | |